പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2686

11.10.2011-ൽ മറുപടിയ്ക്ക്

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവും സുരക്ഷാ ക്രമീകരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രമേശ് ചെന്നിത്തല<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. എം.എ.വാഹിദ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ആഭ്യന്തര ടൂറിസത്തിന് കൂടുതൽ പ്രചാരവും, സാധ്യതകളും കൈവന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) 1) മുഖ്യമന്ത്രി ചെയർമാനായുള്ള കാബിനറ്റ് സബ് കമ്മിറ്റിയും ടൂറിസം മന്ത്രി ചെയർമാനായുള്ള ടാസ്ക് ഫോഴ്സും രൂപീകരിച്ചു.<br>2) ടൂറിസം കേന്ദ്രങ്ങളുടെ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ പ്ലാൻ തയ്യാറാക്കും<br>3) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം മുൻഗണനാ അടിസ്ഥാനത്തിൽ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്ന് നടപ്പിലാക്കും. |
| സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സുരക്ഷാക്രമീകരണങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ? | സി) നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ